LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, കൊല്ലം ജില്ലയിൽ പന്ത്രണ്ടും തൊഴിലാളികൾ അനർഹമായി ചുമട്ട് തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അനർഹമായി കൈവശപ്പെടുത്തിയ കാർഡുകൾ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(സി) ഇതിനായി ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, അവരുടെ അധികാര പരിധിയിൽ, നിലവിൽ തൊഴിൽചെയ്യുന്ന തൊഴിലാളികളുടെ കാർഡുകൾ, പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. അനധികൃതമായി ചുമട്ടുതൊഴിൽ തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കിയ ചുമട്ടുതൊഴിലാളികളുടെ കാർഡുകൾ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഉത്തരവിലൂടെ റദ്ദ് ചെയ്യുകയും കാർഡിനുള്ള അപേക്ഷകൾ നിയമനാനുസൃതം പരിശോധിക്കാതെയും ക്രമരഹിതമായും തിരിച്ചറിയൽ കാർഡ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**തൊഴിൽ വകുപ്പിലെ പദ്ധതി വിഹിതം**

208 (3644) ശ്രീ. എളമരം കരീം :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് 2014-15 വർഷം നടപ്പാക്കുന്ന ഏതൊക്കെ പദ്ധതികൾക്കാണ് പദ്ധതി വിഹിതം ഇനത്തിൽ തുക വകയിരുത്തിയിരുന്നതെന്ന് അറിയി ക്കാമോ ;

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുപ്രകാരം 749 കോടിയുടെ പദ്ധതി വിഹിതത്തിൽ 169 കോടി ചെലവഴിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ ;

(സി) ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും മറ്റുള്ളവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) കാരണങ്ങൾ എല്ലാ മാസവും വകുപ്പുതലവന്മാരുടെ യോഗത്തിൽ അവലോകനം ചെയ്തിട്ടുണ്ട്.

(സി) 2014-15 കാലയളവിൽ ഓരോ ബഡ്ജറ്റ് ശീർഷകത്തിലും അനുവദിച്ച തുകയും വിനിയോഗവും സംബന്ധിച്ച വിവരം അനുബന്ധം II ൽ ചേർത്തിരിക്കുന്നു.*

**തൊഴിൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ മാനദണ്ഡം**

209 (3645) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വകാര്യ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിൽ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എപ്രകാരമുള്ളതും ഏതെല്ലാം നിലവാരത്തിലുള്ളതുമായിരിക്കണമെന്ന് ഒരു നിബന്ധന തയ്യാറാക്കപ്പെട്ടിട്ടുണ്ടോ ; എന്നു വ്യക്തമാക്കാമോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽ സേവനങ്ങളെ സംബന്ധിച്ചും അതിനായി ഈടാക്കുന്ന കൂലിയെ സംബന്ധിച്ചും ജനങ്ങൾക്ക് പരാതിപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ബാർബർ ഷോപ്പുകൾ, തയ്യൽ സ്ഥാപനങ്ങൾ, സൈക്കിൾ വർക്ക്ഷോപ്പുകൾ, അക്ഷയകേന്ദ്രങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഇത്തരം നിരവധി തൊഴിൽ സേവന സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ പോരായ്മകളും അവിടങ്ങളിൽ ഓരോ സേവനത്തിനും ഈടാക്കുന്ന കൂലി സംബന്ധിച്ചും സർക്കാർ ഇറക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്ത മാക്കുമോ ;

(ഡി) ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ഉണഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം സർക്കാരിന്റെ ഇടപെടലിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly